**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2242** | **01-09-2022 - ൽ മറുപടിയ്ക്ക്**

**വട്ടപ്പറമ്പ് തോട്ടിലാക്കൽകണ്ട് അതിർത്തി തോട് - ഇരിമ്പിളിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ നിയോജകമണ്ഡലത്തിൽ ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിലെ തോട്ടിലാക്കൽകണ്ട് തോടിന്റെ സംരക്ഷണത്തിനും വട്ടപ്പറമ്പ് കോളനി നിവാസികൾക്ക് മെയിൻ റോഡിൽ എത്താൻ പാടശേഖരം മുറിച്ച് കടക്കുന്നതിന് വേണ്ടിയും മലപ്പുറം ജില്ലാ പഞ്ചായത്ത് വിഭാവനം ചെയ്ത വട്ടപ്പറമ്പ് തോട്ടിലാക്കൽകണ്ട് അതിർത്തി തോട് - ഇരിമ്പിളിയം എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ ഒന്നാം ഘട്ടമായി നഗരസഞ്ചയം ഫണ്ട് 85 ലക്ഷം രൂപ ഉൾപ്പെടുത്തി പ്രോജക്റ്റ് നം. 376/23 വട്ടപ്പറമ്പ് തോട്ടിലാക്കൽ കണ്ട് അതിർത്തി തോട്- ഇരിബിളിയം എന്ന പ്രവർത്തിയുടെ 80% നിർവ്വഹണം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായി മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ നഗരസഞ്ചയം ഫണ്ട് 225 ലക്ഷം രൂപ ഉൾപ്പെടുത്തി പ്രോജക്റ്റ് നം. 1228/22 വട്ടപറമ്പ് തോട്ടിലാക്കൽകണ്ട് തോട് പുനരുജ്ജീവനം എന്ന പ്രവർത്തിയുടെ എഗ്രിമെന്റ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയ്ക്ക് കൂടുതൽ ഫണ്ട് അനുവദിക്കുന്നതിനായി പഞ്ചായത്ത് അധികൃതർ പഞ്ചായത്ത് ഡയറക്ടർക്ക് അയച്ച കത്തിൻമേൽ സ്വീകരിച്ച നടപടികൾ എന്തെന്ന് അറിയിക്കുമോ; ഫയലിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | മലപ്പുറം ജില്ലാ പഞ്ചായത്തിൽ നിന്നോ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ നിന്നോ ടി പ്രവർത്തിക്കായി കൂടുതൽ ഫണ്ട് ആവശ്യപ്പെട്ട് പഞ്ചായത്ത് ഡയറക്ടറേറ്റിൽ കത്ത് നൽകിയിട്ടില്ല. |
| (സി) | പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ഈ പ്രവർത്തി മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ ബഹു. വർഷ പ്രോജക്ടായാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ